**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **08-12-2022 - ൽ മറുപടിയ്ക്ക്**

**സിൽവർലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സിൽവർലൈൻ പദ്ധതിയ്ക്ക് വേണ്ടി സാമൂഹികാഘാത പഠനത്തിനും സർവേയ്ക്കുമായി നിയോഗിച്ചിരുന്ന റവന്യൂ ഉദ്യോഗസ്ഥരെ തിരികെ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | **സിൽവർലൈൻ പദ്ധതിയ്ക്ക് വേണ്ടിയുള്ള സാമൂഹികാഘാത പഠനം 2013-ലെ LARR ആക്ട് പ്രകാരം ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്നെങ്കിലും ആയത് നീണ്ടു പോയതുമൂലം സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തികൊണ്ടുള്ള 4(1) വിജ്ഞാപനം re-notify ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് KRDCL മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സിൽവർലൈൻ പദ്ധതിയ്ക്ക് റെയിൽവേ ബോർഡിൽ അന്തിമ അനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ 18.08.2021 ലെ സ.ഉ (എം.എസ്) നമ്പർ 163/2021/റവ പ്രകാരം രൂപീകരിച്ചിട്ടുള്ള 205 തസ്തികകൾ അടങ്ങിയ 12 സ്പെഷ്യൽ യൂണിറ്റുകളിലെ (ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ഓഫീസും 11 സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളും) ജീവനക്കാരെ ഔട്ടർ റിംഗ് റോഡ് ഉൾപ്പെടെയുള്ള മറ്റു പ്രധാനപ്പെട്ട പദ്ധതിക്ക് വേണ്ടി താൽക്കാലികമായി വിനിയോഗിക്കുന്നതിന് തീരുമാനിക്കുകയും, റെയിൽവേ ബോർഡിൽ നിന്ന് പദ്ധതിക്ക് അന്തിമ അനുമതി ലഭിച്ചതിനുശേഷം മാത്രം 4(1) വിജ്ഞാപനം re-notify ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ മതിയെന്ന തീരുമാനമെടുത്തുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.** |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച എതിർപ്പിനെ തുടർന്ന് സാമൂഹികാഘാത പഠനവും കല്ലിടലും മുടങ്ങിയ സാഹചര്യത്തിലാണ് ഉദ്യോഗസ്ഥരെ തിരിച്ച് വിളിക്കാനുള്ള തീരുമാനം കൈക്കൊണ്ടത് എന്ന | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റെയിൽവേ ബോർഡിൽ അന്തിമ അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അന്തിമ അനുമതി ലഭിച്ചതിനുശേഷം മാത്രം 4(1) വിജ്ഞാപനം പുനർ വിജ്ഞാപനം ചെയ്താൽ** |

| | | | |
|---|---|---|---|
| | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | | **മതിയെന്ന തീരുമാനമെടുത്ത ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്.** |

സെക്ഷൻ ഓഫീസർ